**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 445** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്കിൽ കാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ദെലീമ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വിദ്യാർത്ഥികളുടെയും തൊഴിലന്വേഷകരുടെയും നൈപുണ്യ വികസനത്തിനും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി അസാപ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്; റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം അസാപ് കോഴ്സ് കൂടി പഠിച്ച വിദ്യാർത്ഥികളും, അസാപ്പിതര വിദ്യാർത്ഥികളും തമ്മിലുള്ള തൊഴിൽ ക്ഷമതയിലെ അന്തരം വിലയിരുത്തുന്നതിന്റെ ഭാഗമായി 2016 മുതൽ 2019 വരെ ഒരോ വർഷവും എംപ്ലോയബിലിറ്റി സർവേ നടത്തുകയുണ്ടായി. ഒരു മൂന്നാം പാർട്ടി സ്വതന്ത്രമായി നടത്തിയ ഈ സർവ്വേകളിൽ വിദ്യാർത്ഥികൾ തമ്മിൽ തൊഴിൽക്ഷമത, മനോഭാവം, വിജ്ഞാനം, തൊഴിൽ മേഖലയെക്കുറിച്ചുള്ള അറിവ്, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം, വ്യക്തിഗത നൈപുണ്യം എന്നീ ഘടകങ്ങൾ പരിശോധിക്കപ്പെട്ടു.<br><br>2015 മുതൽ 2019 വരെ വർഷാവർഷം നടത്തിയ ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ അസാപ്പിതര വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യുമ്പോൾ അസാപ് വിദ്യാർത്ഥികൾക്ക് തൊഴിൽ ക്ഷമത കൂടുതൽ ആണെന്ന് വിലയിരുത്താൻ സാധിച്ചിരുന്നു. കൂടാതെ, 2012-13 മുതൽ 2016-17 വരെ അസാപ് കേരളയുടെ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ നിലവിൽ എന്ത് ചെയ്യുന്നു എന്ന് മനസിലാക്കാനും അവരിൽ നിന്നും ഫീഡ്ബാക്ക് സ്വീകരിക്കുവാനുമായി ഇന്ത്യയിലെ പ്രമുഖ കമ്പനിയായ നീൽസൺ ഇന്ത്യ മുഖേന ട്രേസബിലിറ്റി സ്റ്റഡി നടത്തിയിരുന്നു. ഇതു പ്രകാരം 90-92% വിദ്യാർത്ഥികളും ആത്മവിശ്വാസം ആർജ്ജിച്ച് ഉന്നതവിദ്യാഭ്യാസത്തിലേക്കു തിരിഞ്ഞിട്ടുണ്ടെന്നും 8-10% വിദ്യാർഥികൾ ജോലിയിൽ പ്രവേശിച്ചുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. തൊഴിൽദാതാക്കളിൽ 90% പേരും അസാപ് പരിശീലനം ലഭിച്ച വിദ്യാർത്ഥികളെക്കുറിച്ചു വളരെ മതിപ്പുള്ളവരായിരുന്നു. |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കുള്ള വിലയിരുത്തലായി അസാപ്പിന് ലഭിച്ച അംഗീകാരങ്ങളിൽ ചിലത് താഴെ പറയുന്നു.<br><br>എ) 2017-ൽ നീതി ആയോഗിൽ നിന്നും നൈപുണ്യ പരിശീലന മേഖലയിലെ ബേസ്ഡ് പ്രാക്ടീസിനുള്ള പ്രത്യേക പരാമർശം ലഭിച്ചു.<br><br>ബി) 2020-ൽ എ.ഡി..ബി യുടെ ജൻഡർ ആക്ഷൻ പ്ലാൻ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ ഏജൻസിക്കുള്ള അവാർഡ് ലഭിച്ചു.<br><br>സി) 2022-ൽ ഇന്ത്യ സ്കിൽ റിപ്പോർട്ടിൽ തൊഴിൽക്ഷമതയിൽ കേരളം മൂന്നാം സ്ഥാനം നേടിയതും അതിന് പിന്നിൽ പ്രവർത്തിച്ച അസാപ് കേരളയ്ക്ക് നൈപുണ്യ പരിശീലന രംഗത്തെ സംഭാവനകൾ പരിഗണിച്ച് പ്രത്യേക പരാമർശം ലഭിക്കുകയും ചെയ്തു.<br><br>ഡി) 2022-ൽ ജൂലൈയിൽ കേരളത്തിലെ സ്കില്ലിങ് പരിശീലനത്തിനുള്ള NCVET യുടെ ഏക അവാർഡിങ് ബോഡിയും അസസ്സിങ് ഏജൻസിയുമായി അംഗീകരിക്കപ്പെട്ടു. |
| (ബി) | മാരിടൈം മേഖലയിലെ മാറിയ തൊഴിൽ സാഹചര്യത്തിനനുസരിച്ച് സംസ്ഥാനത്തെ തൊഴിലന്വേഷകരെ സജ്ജമാക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതികൾ രൂപീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ; | (ബി) | മാരിടൈം മേഖലയിൽ നൈപുണ്യ വികസന കോഴ്സുകൾ ഇപ്പോൾ നൽകുന്നില്ല. |
| (സി) | കെ-സ്കിൽ കാമ്പയിൻ കൊണ്ട് ലക്ഷ്യമിടുന്നതെന്താണെന്ന് വിശദമാക്കുമോ? | (സി) | കേരളത്തിലെ യുവജനങ്ങൾക്ക് നഗര ഗ്രാമ വ്യത്യാസമില്ലാതെ പുതുതലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് കെ സ്കിൽ. |

സെക്ഷൻ ഓഫീസർ